## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1927 22/03/2012 - ൽ മറുപടിക്ക്

## പുതിയാപ്പ ഹാർബറിൽ ആധുനിക മത്സ്യമാർക്കറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ദേശീയ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്ത് ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ദേശീയ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് 6 സ്ഥലങ്ങളിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആലുവ മുനിസിപ്പാലിറ്റിയുടെയും നോർത്ത് പരവൂർ മുനിസിപ്പാലിറ്റിയുടെയും പണി അന്തിമഘട്ടത്തിലാണ്. തേവരയിൽ കോർപ്പറേഷന്റെ കീഴിൽ പണിയുന്ന ആധുനിക മത്സ്യമാർക്കറ്റിന്റെ ടെണ്ടർ നടപടി |

കൾ ആയിട്ടുണ്ട്. മുവാറ്റുപുഴ, പത്തനംതിട്ട മുനിസിപ്പാലിറ്റികളിൽ ഉൾപ്പെടുന്ന മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ പാങ്ങോട്ട് തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ കീഴിലുള്ള ആധുനിക മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ കാസർഗോഡ്, കണ്ണൂർ, നിലമ്പൂർ, ഇരിങ്ങാലക്കുട, സുൽത്താൻ ബത്തേരി, കൽപ്പറ്റ, പള്ളുരുത്തി, മാള, തൊടുപുഴ, വൈക്കം, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിലേക്കും മത്സ്യ മാർക്കറ്റുകൾക്ക് ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ പുതിയാപ്പ ഹാർബറിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; | (ബി) നിവേദനം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | (സി) | ടി നിവേദനം കേരള തീരദേശ വികസന കോർപ്പറേഷൻ മുൻഗണനാക്രമത്തിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ